LIBRARY ARCHIVES Kerala Legislative Assembly

ത്തള്ളുകയല്ലാതെ ഇപ്പോൾ ലഭ്യമായിട്ടുള്ള തവണസൗകര്യങ്ങൾ വീണ്ടും അനുവദിക്കുന്നതിനു മാത്രമായിട്ടുള്ള ഒരു ബില്ല് പ്രത്യേകിച്ച് പ്രയോജനം ചെയ്യുമെന്ന് തോന്നുന്നില്ല. അത് ഇപ്പോൾത്തന്നെ നമ്മൾ നൽകിക്കൊണ്ടിരിക്കുന്നതാണ്. കാർഷിക കടങ്ങൾക്കൊക്കെ ധാരാളം സന്ദർഭങ്ങളിൽ കൃഷിക്കാർക്ക് തവണസൗകര്യങ്ങൾ അനുവദിക്കാറുണ്ട്. പ്രത്യേക പ്രദേശങ്ങളിൽ മോറട്ടോറിയം പ്രഖ്യാപിക്കുന്നതുപോലെ തന്നെ സമയം നീട്ടിക്കൊടുത്ത് എല്ലാവർക്കും ബാധകമാകുന്ന നടപടികൾ സ്വീകരിക്കാറുണ്ട്. തുക എഴുതിത്തള്ളുക, പലിശയിൽ ഇളവനുവദിക്കുക തുടങ്ങിയ കാര്യങ്ങൾക്ക് ധനകാര്യ സ്ഥാപനങ്ങളെ നിർബന്ധിക്കുന്ന വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന നിയമമാണെങ്കിൽ അതിന് നഷ്ടപരിഹാരം നൽകുന്നതിനാവശ്യമായ ഫണ്ട് നമ്മൾ കണ്ടെത്തേണ്ടിവരും. ഒരു നിയമം കൊണ്ടുവരുന്ന സന്ദർഭത്തിൽ ഈ കാര്യങ്ങൾ പരിഗണിക്കേണ്ടി വരും. ഇത്തരം ഒരു സാഹചര്യത്തിൽ ഇപ്രകാരം ഒരു നിയമനിർമ്മാണത്തിന്റെ അടിയന്തിരമായ ആവശ്യകത സംസ്ഥാനത്തിൽ ഇല്ലെന്നാണ് ഗവൺമെന്റ് കരുതുന്നത്. ഓരോ പ്രദേശങ്ങളുടെയും സാഹചര്യം പ്രത്യേകരീതിയിലാണ്. സംസ്ഥാനത്തൊട്ടാകെ ഇപ്പോൾ ഇത്തരം ഒരു സാഹചര്യം ഉണ്ടെന്ന് കരുതുന്നില്ല. എന്നാലും അത്തരം ഒരു സാഹചര്യമുണ്ടെന്ന് ബോധ്യമാവുകയും അത്തരം ഒരു സാഹചര്യം സംജാതമാവുകയും ചെയ്യുകയാണെങ്കിൽ അത് ഗവൺമെന്റ് പരിശോധിക്കും. ഗവൺമെന്റ് കടാശ്വാസനടപടികൾ സ്വീകരിക്കും. തീർച്ചയായും അത്തരം ഒരു സന്ദർഭത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. കെ.എ. ചന്ദ്രൻ : ഇത് വളരെ ഗൗരവമായ ആവശ്യമാണ് എന്നുള്ള കാര്യത്തിൽ യാതൊരു തർക്കവുമില്ല. ഇതിന്റെ സ്റ്റാറ്റിസ്റ്റിക്സ് നോക്കിയാൽ തന്നെ 31.3.1998-ന് അവസാനിച്ച സാമ്പത്തിക വർഷത്തിൽ സഹകരണ സ്ഥാപനങ്ങൾ നൽകിയ വായ്പയിൽ 1,049 കോടി രൂപ കുടിശ്ശിക ഇനത്തിൽ ഉണ്ട്. ഇത് അങ്ങേയ്ക്ക് അറിയാം. എന്നാൽ ഈ കുടിശ്ശിക പോലും ബുക്ക് അഡ്ജസ്റ്റ്മെന്റ് നടത്തിയതിനുശേഷം വരുന്നതാണ്. അതുകൊണ്ട് ഇന്ന് കാർഷിക ഗ്രാമീണർ വായ്പ വാങ്ങിയത് സംബന്ധിച്ചുള്ള നിജസ്ഥിതി അറിയുവാൻ നിയമസഭയുടെ കമ്മിറ്റിയോ അല്ലെങ്കിൽ ഏറ്റവും കുറഞ്ഞത് ഒരു കമ്മിഷനെയോ നിയോഗിച്ച് ആശ്വാസ നടപടികളുടെ നിർദ്ദേശം വാങ്ങുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുവാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. കെ.ഇ. ഇസ്മയിൽ : ഈ വസ്തുതകൾ ഗൗരവമായി പരിശോധിച്ച്, എത്ര തുക ഉണ്ടെന്ന് നിജപ്പെടുത്താൻ ബഹുമാനപ്പെട്ട മെമ്പർ നിർദ്ദേശിച്ചത് ഞങ്ങൾ പരിശോധിച്ചിട്ട് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

IV. സബ്മിഷൻ

(1) പുതുപ്പള്ളി നിയോജകമണ്ഡലത്തിലെ മീനടം പ്രിയദർശിനി സ്പിന്നിംഗ് മില്ലിന്റെ പ്രവർത്തനം

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ശ്രീ. ഉമ്മൻ ചാണ്ടി : സർ, പ്രിയദർശിനി സ്പിന്നിംഗ് മിൽ എന്റെ നിയോജമണ്ഡലത്തിലെ മീനടത്തിലാണ് പ്രവർത്തിക്കുന്നത്. 805 ലക്ഷം രൂപയുടെ പ്രോജക്ട് കോസ്റ്റാണ് അതിന് കണക്കാക്കിയിരിക്കുന്നത്. അതിന് ആവശ്യമായ പത്തരഏക്കർ സ്ഥലം വാങ്ങി കെട്ടിടം പണി പൂർത്തിയായി. മെഷിനറി 60 ശതമാനം വാങ്ങിക്കഴിഞ്ഞു. ബാക്കി മെഷിനറി പണം കൊടുത്താൽ അപ്പോൾതന്നെ വാങ്ങിക്കത്തക്കരീതിയിൽ തയ്യാറായിരിക്കുകയാണ്. മെഷിനറി വാങ്ങിയിട്ട് രണ്ടരവർഷം കഴിഞ്ഞിരിക്കുന്നു. പക്ഷേ ടേം ലോൺ 4

കോടി രൂപ കൊടുക്കേണ്ടത് സ്റ്റേറ്റ് സഹകരണ ബാങ്കാണ്. സംസ്ഥാന സഹകരണ ബാങ്ക് അത് കൊടുക്കുവാൻ തീരുമാനിച്ചു. അത് ജില്ലാ സഹകരണ ബാങ്ക് വഴിയേ കൊടുക്കുകയുള്ളൂ എന്നു പറയുന്നു. അതിന് വച്ച വ്യവസ്ഥ ജില്ലാ ബാങ്കിന് സ്വീകാര്യമല്ല. അതുകൊണ്ട് നീണ്ടുപോവുകയാണ്. 200 പേർ 25,000 രൂപ വീതം ഷെയർ എടുത്താണ് ഈ വലിയ വ്യവസായ സ്ഥാപനം ഗ്രാമപ്രദേശത്ത് വിഭാവന ചെയ്തത്. 120 പേർക്ക് ട്രെയിനിംഗ് കഴിഞ്ഞിരിക്കുകയാണ്. ടേം ലോൺ കിട്ടിയാൽ നാല് മാസത്തിനകം ഈ വ്യവസായ സ്ഥാപനത്തെ പ്രവർത്തിപ്പിക്കുവാൻ കഴിയും. വ്യവസായ വകുപ്പുമന്ത്രി അടിയന്തിരമായി ഈ പ്രശ്നത്തിൽ ഇടപെടണം. വ്യവസായ വകുപ്പുമന്ത്രിയും സഹകരണ വകുപ്പുമന്ത്രിയും ചേർന്ന് കോൺഫറൻസ് വിളിച്ചുകൂട്ടി ഇത്ര പണി പൂർത്തിയായിരിക്കുന്ന ഈ സ്ഥാപനത്തെ എത്രയുംവേഗം പ്രവർത്തിപ്പിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കുവേണ്ടി പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) : സർ, ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ച സബ്മിഷന് വ്യവസായ വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ മറുപടി പറയുന്നു. മീനടം പ്രിയദർശിനി സ്പിന്നിംഗ് മില്ലിന്റെ പ്രോജക്ട് റിപ്പോർട്ടിന്റെ മൊത്തം മുതൽമുടക്ക് 805 ലക്ഷം രൂപയാണ്. ഇതിൽ ഗവൺമെന്റ് ഓഹരിയായി നിശ്ചയിച്ചിരിക്കുന്നത് 325 ലക്ഷം രൂപയാണ്. ഈ തുക മുഴുവൻ ഇതിനകം നൽകിക്കഴിഞ്ഞു. അംഗങ്ങളുടെ ഓഹരിയായി കണക്കാക്കിയത് 65.69 ലക്ഷം രൂപയായിരുന്നു. ബാക്കി തുക ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വായ്പയായി സ്വരൂപിക്കുവാനാണ് വ്യവസ്ഥ ചെയ്തിരുന്നത്. മില്ലിനുവേണ്ട പണം സമാഹരിക്കുവാൻ സ്ഥാപനത്തിലെ ഭരണാധികാരികൾക്ക് കഴിയാതിരിക്കുകയാണ് സ്ഥാപനത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് ഉൽപ്പാദനം ആരംഭിക്കുവാൻ തടസ്സമായിരിക്കുന്നു. ടേം ലോണിന്റെ അപേക്ഷ മാനേജ്മെന്റ് സംസ്ഥാന സഹകരണ ബാങ്കിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വായ്പ സഹകരണ ബാങ്കിൽനിന്ന് ജില്ലാ ബാങ്ക് മുഖേനയാണ് ലഭ്യമാക്കുവാൻ ശ്രമിക്കുന്നത്. കാനറാബാങ്ക് അടക്കമുള്ള മറ്റു ധനകാര്യ സ്ഥാപനങ്ങളുമായി ചർച്ച ചെയ്ത് ധനസഹായം ലഭ്യമാക്കാൻ ശ്രമിക്കുന്നതാണ്. അതോടൊപ്പം ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ സഹകരണവകുപ്പുമന്ത്രിയും വിദ്യാഭ്യാസവകുപ്പുമന്ത്രിയുമായി ഈ പ്രശ്നം ചർച്ചചെയ്ത് എത്രയുംപെട്ടെന്ന് മില്ല് തുറന്നു പ്രവർത്തിപ്പിക്കാൻ നടപടികൾ സ്വീകരിക്കും.

(2) സ്പെഷ്യലിസ്റ്റ് ടീച്ചർമാരുടെയും തുന്നൽ ടീച്ചർമാരുടെയും പ്രശ്നങ്ങൾ

ശ്രീ. എ. കണാരൻ : സർ, നമ്മുടെ സംസ്ഥാനത്തെ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെയും റിട്ടയർമെന്റ് വേക്കൻസിയിൽ നിയമനം ലഭിച്ച 28 തുന്നൽ ടീച്ചർമാരുടെയും പ്രശ്നമാണ് ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. കണ്ണുനീരിൽ കഴിയുന്ന 28 തുന്നൽ ടീച്ചേഴ്സും 58 കായിക അദ്ധ്യാപകരും അടക്കം 86 പേരോട് നീതി കാണിക്കണമെന്നാണ് സർക്കാരിനോട് അഭ്യർത്ഥിക്കുവാനുള്ളത്. എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നിട്ട് മൂന്നുവർഷം കഴിഞ്ഞിരിക്കുകയാണ്. നീട്ടിക്കൊണ്ടുപോകരുതെന്ന്

LIBRARY ARCHIVES Kerala Legislative Assembly